DIGISKY

# A K A S G V H S S  PAYYANUR


## LITTLEKITES  13101/2018

## 2019-2020BATCH

## PRESENTS

## OUR DIGITAL MAGAZINE

## *"DIGISKY "*



**DIGISKY**

എ കുഞ്ഞിരാമൻ അടിയോടി സ്മാരക
ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
പയ്യന്നൂർ
[ഗവ: ബോയ്സ് ഹൈസ്കൂൾ - പയ്യന്നൂർ]
സ്ഥാപിതം-1917






# മുഖമൊഴി


1917 ൽ സ്ഥാപിതമായി 2017 ൽ നൂറാം വാർഷികം ആഘോഷിച്ച പയ്യന്നൂർ എ കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പയ്യന്നൂരിന്റെ വിദ്യാഭ്യാസചരിത്രത്തിന്റെ അഭിമാനസ്തംഭമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി  വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം പൂർവ്വ വിദ്യാർത്ഥികളുടെ വളർച്ചയുടെ ചവിട്ടു പടിയാണ് ഈ വിദ്യാലയം. പയ്യന്നൂർ മോഡൽ സ്കൂൾ, പയ്യന്നൂർ ബോയ്സ് സ്കൂൾ എന്നീപേരുകളിലായാണ് മുമ്പ് ഈ വിദ്യാലയം അറിയപ്പെട്ടിരുന്നത്. ഹൈസ്കൂൾ വിദ്യാർത്ഥി ആയിരിക്കെ 1930 ൽ പയ്യന്നൂരിൽ വെച്ച് നടന്ന ഉപ്പ് സത്യാഗ്രഹത്തിൽ ക്ലാസ്സ് ബഹിഷ്ക്കരിച്ച് പങ്കെടുത്തതിനെ തുടർന്ന് അറസ്റ്റ് ചെയ്യപ്പെടുകയും അങ്ങനെ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ സ്വാതന്ത്ര്യത്തിന് വേണ്ടി ജീവൻ ത്യജിച്ച ആദ്യത്തെ വിദ്യാർത്ഥി രക്തസാക്ഷിയായിമാറുകയും ചെയ്ത ശ്രീ എ കുഞ്ഞിരാമൻ അടിയോടിയുടെ പേരിലാണ് ഇന്ന് ഈ വിദ്യാലയം അറിയപ്പെടുന്നത് എന്നത് തന്നെ വിദ്യാലയത്തിന്റെ ചരിത്ര പ്രാധാന്യം വ്യക്തമാക്കുന്നു.

അഞ്ചാം തരം മുതൽ പന്ത്രണ്ടാം തരം വരെ പ്രൈമറി, ഹൈസ്കൂൾ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നീ വിഭാഗങ്ങളിലായി തൊള്ളായിരത്തോളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. സേവനസന്നദ്ധരായ അദ്ധ്യാപകരും ആത്മാർത്ഥ സേവനം നടത്തുന്ന അനദ്ധ്യാപകരും വിദ്യാർത്ഥികളുടെ പഠന പഠനാനുബന്ധ പ്രവർത്തനങ്ങളിൽ ദത്തശ്രദ്ധരാണ്. ഹൈസ്കൂൾ ക്ലാസ്സിലെ NCC യൂണിറ്റും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ NSS യൂനിറ്റും, ഹയർസെക്കണ്ടറിയിലെ Scout, Guides, NSS SPC യൂനിറ്റുകളും പ്രവർത്തന മാതൃകയിലൂടെ ശ്രദ്ധേയമായവയാണ്. പൊതുവിദ്യാലയങ്ങൾ ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ന്റെ ഒരു യൂണിറ്റ് വളരെ സജീവമായി തന്നെ ഇവിടെ പ്രവർത്തിക്കുന്നു. സ്കൂൾ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ “DIGISKY" കുട്ടികളുടെ സർഗ്ഗശേഷി ഉണർത്തുവാനും സാങ്കേതിക മികവ് വളർത്തുവാനും ഉപകരിച്ചിരിക്കുന്ന ഒരു ഉല്പന്നമാണ്. ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെ ഈ എളിയ സംരംഭം ഇ വായനയ്ക്കായി സമർപ്പിക്കുന്നു.

## HEADMISTRESS : T V AJITHA




## PRINCIPAL : T V VINOD KUMAR



## PTA PRESIDENT : ASHOKAN KAKKAD



DIGISKY

# പത്രാധിപസമിതി

എഡിറ്റർ : അഭിജിത്ത്

അംഗങ്ങൾ : മേഹൽ

നന്ദകിഷോർ

അക്ഷത്

ഷഹാം

മാധവ്

ശ്രീരാഗ്

ഉപദേശക സമിതി: സന്ധ്യ സി പി

ശശിധരൻ കെ പി

DIGISKY

# ഉള്ളടക്കം

## Table of Contents

എന്റെ കേരളം.....7
ആധുനിക കവിത്രയം.....8
KAMALA SURAYYA.....10
ഞങ്ങൾ വ്യത്യസ്തർ.....12
മുറ്റത്തെ മുല്ലക്ക് മണമുണ്ട്, ഗുണമുണ്ട്.....14
പ്രകൃതിയും മനുഷ്യനും.....15
ദശമൂലങ്ങൾ.....16
മികവുകൾ.....19

## എന്റെ കേരളം

കേരളത്തിന്റെ ഭൂപ്രകൃതിയെ പ്രധാനമായും മൂന്നായി തരം തിരിക്കാം – മലനാട്, ഇടനാട് , തീരപ്രദേശം. സമുദ്ര നിരപ്പിൽ നിന്നും 75 മീറ്ററിന് മുകളിൽ ഉയരമുള്ള പ്രദേശങ്ങളാണ് മലനാട്ടിൽ ഉൾപ്പെടുന്നത്. കേരളത്തിന്റെ ആകെ വിസ്തൃതിയുടെ 48% മലനാടാണ്. പ്രമുഖ പ്രവ്വത നിരയായ പശ്ചിമഘട്ടത്തിന്റെ ഒരു ഭാഗമാണ് കേരളത്തിന്റെ കിഴക്കെ അരികിലായി തെക്കു വടക്കു ദിശയിൽ നീണ്ടു കിടക്കുന്ന സഹ്യപർവ്വതം. വയനാടൻ പ്രദേശങ്ങൾ, നെല്ലിയാമ്പതി, ആനമല, പെരിയാർ പീഠഭൂമി,അഗസ്ത്യമല ഇവയൊക്കെ മലനാടിന്റെ ഭാഗങ്ങളാണ്. നീണ്ട മലനിരകളും ചെങ്കുത്തായ പർവ്വതങ്ങളും സ്തൂപാകാരങ്ങളായ കൊടുമുടികളും നിറഞ്ഞ നിമ്നോന്നതങ്ങളും സങ്കീർണ്ണവുമായ ഒരു ഭൂപ്രകൃതിയാണ് പശ്ചിമഘട്ടത്തിനുള്ളത്. പർവ്വതങ്ങളും ഗിരിശൃംഗങ്ങളും അഗാധമായ താഴ് വരകളാൽ വേർതിരിക്കപ്പെട്ട് പരസ്പരബന്ധമില്ലാതെ എഴുന്നു കാണുന്നു.

സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്ററിനും 75 മീറ്ററിനും ഇടയിൽ ഉയരമുള്ള പ്രദേശങ്ങൾ ഉൽപ്പെട്ടതാണ് ഇടനാട്. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 42% ഇടനാടാണ്. പശ്ചിമഘട്ടത്തിലെ പ്രധാന മലനിരകളിൽ നിന്നു തെറ്റിപ്പിരിഞ്ഞ് നേരെ പടിഞ്ഞാറോട്ടു നീങ്ങി ക്രമേണഉയരം കുറഞ്ഞ് ചെറുകുന്നുകളായി തീരുന്ന പ്രദേശമാണ് ഇടനാട്. ചിലയിടങ്ങളിൽ സാമാന്യം ഉയരമുള്ള കുന്നുകളായി കടലിലേക്ക് കടന്ന് കയറിയും കാണപ്പെടുന്നുണ്ട്. പടിഞ്ഞാറു ഭാഗത്ത് തീരസമതലവുമായി സന്ധിക്കുന്നിടത്ത് ദുക്കായ ചരിവുകൾ സാധാരണമാണ്. കിഴക്കരികിലുള്ള പർവ്വതങ്ങളിൽ നിന്ന് ഉദ്ഭവിക്കുന്ന നദികൾ വളഞ്ഞു പുളഞ്ഞൊഴുകി അവയുടെ ഗതിമാർഗ്ഗങ്ങൾക്കിരുപുറവുമായി വീതി കുറഞ്ഞ താഴ് വരകൾ സൃഷ്ടിച്ചിരിക്കുന്നു .ഇടനാടിന്റെ ഭൂരിഭാഗവും ലാറ്ററൈറ്റ് മണ്ണ് വ്യാപകമായി കാണുന്നു.

സമുദ്ര നിരപ്പിൽ നിന്ന് ഏതാണ്ട് 7.5 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് തീരപ്രദേശം. കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ പത്തു ശതമാനം മാത്രമാണ് ഈ ഭൂവിഭാഗം.കായലുകളും നദീമുഖങ്ങളും മണൽ തിട്ടകളും ഈ പ്രദേശത്തിന്റെ സവിശേഷതാണ്. നെല്ല്, ചെങ്ങ് തുടങ്ഹിയ കൃഷികൾക്ക് അനുയോജ്യമായ പ്രദേശമാണ് തീരപ്രദേശം. തീരപ്രദേശത്തിന്റെ മറ്റൊരു പ്രത്യേകത കടലിലേക്ക് തുടർന്നു കാണുന്ന പാറക്കെട്ടുകളാണ്. ഈ പാറക്കെട്ടുകൾ കരയിലേക്ക് പോകുന്തോറും ഉയരം കൂടി ലാററൈറ്റ് ആവരണമുള്ള കുന്നുകളായി പരിണമിച്ചിരിക്കുന്നു.

അഭയ് ദേവ് വി ബി

## ആധുനിക കവിത്രയം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പുതിയ കാവ്യബോധത്തിന്റെയുംആശയപരിവർത്തനത്തിന്റെയും അന്തരീക്ഷത്തിൽ ഉദിച്ചുയർന്ന മൂന്നു കവികൾ മലയാള കവിതയെ നവചക്രവാളത്തിലേക്കു വിമോചിപ്പിച്ചു. കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ എന്നിവരായിരുന്നു അവർ. മഹാകാവ്യങ്ങളുമായി നിയോക്ലാസിക് പാരമ്പര്യത്തിൽ നിന്ന് ആരംഭിച്ച ഉള്ളൂരും വള്ളത്തോളും വളരെ വേഗമാണ് പുതുഭാവുകത്വത്തെ പുൽകിയത്. വി. സി. ബാലകൃഷ്ണപ്പണിക്കർ, സി. എസ്. സുബ്രഹ്മണ്യൻ പോറ്റി എന്നിവരായിരുന്നു ഈ നവതരംഗത്തിന്റെ പതാകവാഹകർ.


1907-ൽ രചിച്ച 'വീണപൂവ്" എന്ന ചെറുകാവ്യത്തിലൂടെ കുമാരനാശാൻ (1873 - 1924) ആ നവീനതയുടെ വിപ്ലവത്തിന് അരങ്ങൊരുക്കി. എസ്. എൻ. ഡി. പി. യോഗത്തിന്റെ ആദ്യ സെക്രട്ടറിയും ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനും ബാംഗ്ലൂരിലും കൊൽ ക്കത്തയിലും സംസ്കൃത വിദ്യാഭ്യാസം നേടിയയാളുമായ കുമാരനാശാന് സാമൂഹികരംഗത്തും കാവ്യരംഗത്തും ഉണ്ടായി വരുന്ന മാറ്റങ്ങളെ ഉൾ ക്കൊള്ളാൻ എളുപ്പം കഴിഞ്ഞു. തത്ത്വചിന്താപരമായിരുന്നു ആശാന്റെ കവിത. സാമൂഹികമാറ്റത്തിനായി ആഹ്വാനം ചെയ്യുന്ന നവോത്ഥാനസ്വരവും അതിൽ മുഴങ്ങി. 'നളിനി', 'ലീല', 'ചിന്താവിഷ്ടയായ സീത', 'പ്രരോദനം', 'ചണ്ഡാലഭിക്ഷുകി', 'ദുരവസ്ഥ' എന്നിവയാണ് ആശാന്റെ പ്രധാന ഖണ്ഡകാവ്യങ്ങൾ. 'പുഷ്പവാടി', 'വനമാല', 'മണിമാല' എന്നീ കവിതാസമാഹാരങ്ങളുമുണ്ട്. സ്വാമി വിവേകാനന്ദന്റെ 'രാജയോഗ'ത്തിന്റെ പരിഭാഷ, ബാലരാമായണം എന്നിവയാണ് ആശാന്റെ മറ്റു പ്രധാന കൃതികൾ.


മണിപ്രവാളകൃതികൾ, കൈകൊട്ടിക്കളിപ്പാട്ടുകൾ, വാൽമീകി രാമായണവിവർത്തനം, ചിത്രയോഗം മഹാകാവ്യം, സംസ്കൃത നാടക പരിഭാഷകൾ തുടങ്ങിയവയുമായി സാഹിത്യരംഗത്തു നിറഞ്ഞു നിന്നിരുന്ന വള്ളത്തോൾ നാരായണമേനോൻ (1878 - 1958) 'ബധിരവിലാപം' (1910)എന്ന ലഘുകാവ്യത്തോടെ പുതിയ കാവ്യസരണിയുടെ മുഖ്യപ്രയോക്താക്കളിൽ ഒരാളായി. 'ഗണപതി',

'ബന്ധനസ്ഥനായ അനിരുദ്ധൻ', 'ഒരു കത്ത്", 'ശിഷ്യനും മകനും', 'അച്ഛനും മകളും', 'മഗ്ദലന മറിയം' എന്നിവയാണ് വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങൾ. കവിതകളുടെ സമാഹാരങ്ങളാണ് എട്ടുഭാഗങ്ങളുള്ള 'സാഹിത്യമഞ്ജരി'. പ്രകൃതി സൗന്ദര്യത്തിന്റെയും ദേശീയതയുടെയും കവിയായിരുന്നു വള്ളത്തോൾ. കേരളത്തോടും ഭാരതത്തോടുമുള്ള ഭക്തിയും പ്രേമവും അദ്ദേഹത്തിന്റെ കവിതയെ കാല്പനിക സുന്ദരമാക്കി. പദസൗന്ദര്യം കൊണ്ടും ലാളിത്യം കൊണ്ടും അവ ജനപ്രിയമായി. കേരളകലാമണ്ഡലം സ്ഥാപിച്ചതും വള്ളത്തോൾ ആയിരുന്നു.

മഹാപണ്ഡിതനായിരുന്ന ഉള്ളൂർ. കവിതയിൽ മാത്രമല്ല ഗവേഷണത്തിലും സാഹിത്യ ചരിത്രരചനയിലും യശഃസ്തംഭമായി നിൽക്കുന്നു. സംസ്കൃതത്തിന്റെയും നിയോക്ലാസിസത്തിന്റെയും പാരമ്പര്യത്തിൽ നിന്നു തുടങ്ങിയ അദ്ദേഹം ആശാനും വള്ളത്തോളിനും പിന്നാലേ നവീനകാവ്യസരണിയിൽ എത്തിച്ചേർന്നു. ഉള്ളൂരിന്റെ 'ഉമാകേരളം' മഹാകാവ്യം കിടയറ്റ രചനയായി പരിഗണിക്കപ്പെടുന്നു. 'ചിത്രശാല', 'പിംഗള', 'കർണഭൂഷണം', 'ഭക്തിദീപിക' എന്നീ ഖണ്ഡകാവ്യങ്ങളും 'കിരണാവലി', 'താരഹാരം', 'തരംഗിണി', 'അരുണോദയം', 'മണിമഞ്ജൂഷ', 'ഹൃദയകൗമുദി', 'ദീപാവലി', 'രത്നമാല', 'അമൃതധാര', 'കല്പശാഖി', 'തപ്തഹൃദയം' എന്നീ സമാഹാരങ്ങളുമാണ് ഉള്ളൂരിന്റെ മുഖ്യകാവ്യകൃതികൾ.

അഭിജിത്ത് ടി





# KAMALA SURAYYA

*Kamala Surayya (born Kamala nalappattu 31 March 1934 – 31 May 2009), popularly known by her one-time pen name Madhavikutty and married name Kamala Das, was an Indian English poet as well as a leading Malayalam author from Kerala .Her popularity in Kerala is based chiefly on her short stories and autobiography, while her works in English, written under the name Kamala Das, is noted for the poems and explicit autobiography. She was also a widely read columnist and wrote on diverse topics including women's issues, child care, politics among others.*

*Madavikutty was born in Punnayurkkulam , Thrissur district in Kerala in on 31 March 1934, to V. M. Nair, a managing editor of the widely circulated Malayalam daily Mathrubhumi and Nalappattu Balamani Amma a renowned Malayalee poet. She spent her childhood between Calcutta, where her father was employed , and the Nalappattu ancestral home in Punnayurkulam.*

*Like her mother, Balamani Amma, Kamala Das also excelled in writing. Her love of poetry began at an early age through the influence of her great uncle, Nalappattu narayana Menon , a prominent writer.*

*At the age of 15, she married bank officer Madhav Das, who encouraged her writing interests, and she started writing and publishing both in English and in Malayalam. English was the language she chose for all six of her published poetry collections.*

Alphabet of Lust , My story, A Doll for the Child Prostitute ,Padmavati the Harlot and Other Stories, The Sirens ,Summer in Calcutta ,The Descendants The Old Playhouse and Other Poems The Stranger Time Tonight, This Savage Rite etc are her works in English.Pakshiyude Manam (short stories) Naricheerukal Parakkumbol (short stories) Thanuppu (short story) Ente Kadha (autobiography) Balyakala Smaranakal (childhood memoirs) Varshangalkku Mumbu (novel) Palayan (novel) Neypayasam (short story) Dayarikkurippukal (novel) Neermathalam Pootha Kalam (novel) Kadal Mayooram (short novel)Rohini (short novel) Rathriyude Padavinyasam (short novel) Aattukattil (short novel) are her famous Malayalam works.

On 31 May 2009, aged 75, she died at a hospital in Pune Her body was flown to her home state of Kerala. She was interred at the PalayamJama Masjid at Thiruvananthapuramwith full state honour.



Madhav K

Ix B

## ഞങ്ങൾ വ്യത്യസ്തർ

**മരമുത്തച്ഛൻ**

ലോകത്തിലെ ഏറ്റവും പ്രായം കൂടിയ വൃക്ഷം “മെഥൂശലഹ് “എന്ന പേരിലറിയപ്പെടുന്ന ബ്രിസൽ കോൺ പൈൻ മരമാണ്.വളരെ പതുക്കെ വളരുന്ന മരമാണിത്. ഒരിഞ്ച് വണ്ണംവെക്കാൻ 100വർഷം വേണം

**ചൂളമടിക്കാരൻ**

ആഫ്രിക്കയിലെ വിശാലമായ പുൽപ്രദേശത്ത് കാണപ്പംടുന്ന അക്കേഷ്യ വര്ഗ്ഗത്തിൽപ്പെട്ട ഒരിനം മുൾച്ചെടിയുണ്ട്.അവ അറിയപ്പെടുന്നത് ചൂളമടിക്കാരൻ മുൾമരം എന്ന പേരിലാണ്.ചെറു ഇലകളും നേർത്തു നീളം കൂടിയ മുള്ളുകളുള്ളതുമായഇതിന്റെ ശിഖരങ്ങൾ നിറയെ മുഴകളാണ്. ഉറുമ്പുകൾ മുള തുരന്ന് കൂടുണ്ടാക്കുന്നു.ക്രമേണ അവ സുഷിരങ്ങളായി മാറുന്നു. കാറ്റടിക്കുമ്പോൾ ഈസുഷിരങ്ങളിലൂടെ വായു പ്രവാഹം ഉണ്ടാവുകയും ചൂളം വിളി ഉണ്ടാവുകയും ചെയ്യുന്നു.സുഷിരങ്ങൾക്ക് പല വലുപ്പം ആയതിനാൽ വ്യത്യസ്തസ്ഥായിയിൽഉള്ള ശബ്ദങ്ങൾ ഉണ്ടാവുന്നു.

## ***<u>നീളക്കാരൻ</u>***

***നോക്കി നിൽക്കെ വളരുന്ന***

***ഒരിനം മുളയുണ്ട്..***

***ഫില്ലോസ്റ്റേക്കിസ് എഡ്യുലിസ് എന്ന***

***ഇനം മുളകൾ***

***ദിവസത്തിൽ 36 ഇഞ്ച് എന്ന***

***കണക്കിനാണ് വളരുന്നത്.***

***മൂന്ന്മാസം കൊണ്ട് 100***

***അടി ഉയരം വെക്കും.***

## ***<u>തടിമാടൻ</u>***

***ഏറ്റവും കൂടുതൽ***

***വണ്ണം വെക്കുന്ന***

***വൃക്ഷമാണ്***

***മൊണ്ടേസുമാ സൈപ്രസ്.***

***മെക്സിക്കോയിൽ***

***കണ്ടു വരുന്നഇവ 40 അടി വരെവണ്ണംവെക്കും***

***vivek k***

## മുറ്റത്തെ മുല്ലക്ക് മണമുണ്ട്, ഗുണമുണ്ട്

| | |
|---|---|
| കീഴാർ നെല്ലി | വയറുവേദന,മഞ്ഞപ്പിത്തം |
| തഴുതാമ | ക്ഷീണം,ഉന്മാദം,മോഹാലസ്യം |
| കുടങ്ങൽ | അപസ്മാരം,ബുദ്ധിശക്തി കൂടാൻ |
| മുക്കുറ്റി | ചുമ.കഫക്കെട്ട് |
| കയ്യോന്നി | മുടി വളർച്ച,തലവേദന,കാഴ്ചക്കുറവ് |
| ആര്യവേപ്പ് | രക്തദൂഷ്യം,വ്രണം,കുഷ്ഠം |
| രാമച്ചം | മൂത്രതടസ്സം,നീർവീക്കം,ജ്വരം |
| കറ്റാർവാഴ | വിരശല്യം,നേത്രരോഗം |
| പനിക്കൂർക്ക | പനി,ജലദോഷം,കഫക്കെട്ട് |
| ശതാവരി | ബുദ്ധി,പിത്തം,ശരീരം വണ്ണം വെക്കാൻ |
| തിപ്പലി | ജലദോഷം,കഫക്കെട്ട്,ദഹനക്കുറവ് |
| ശംഖുപുഷ്പം | ബുദ്ധിശക്തി,ഓർമ.പനി |
| കരിനൊച്ചി | കഫക്കെട്ട്,വാതം |
| ബ്രഹ്മി | ഓർമ,ബുദ്ധി,നേത്രരോഗം |
| കൊട്ടുവേലി | വാതം,കഫം,അരുചി,ദഹനം |
| ചിറ്റരത്ത | രാസ്നാദിപ്പൊടിയിൽ |
| | |

***Mehul s babu***

## പ്രകൃതിയും മനുഷ്യനും

അമിത ജനസംഖ്യയെ കേവലം ജനപ്പെരുപ്പം മാത്രമായി ക്ലാനാവില്ല. പ്രകൃതി വിഭവങ്ങളുടെ അമിതോപയോഗത്തിന് പരിസ്ഥിതി സന്തുലനം തെറ്റിക്കുന്നത് അടക്കമുള്ള സാഹചര്യമാണ് സൃഷ്ടിക്കപ്പെടുന്നത്. മാലിന്യം കുന്നുകൂടുന്നതിന് ജനപ്പെരുപ്പം വഴിവെക്കുന്നു. ഫോസിൽ ഇന്ധനങ്ങൾ, ധാതുക്കൾ, ലോഹങ്ങൾ തുടങ്ങി വീണ്ടെടുക്കാനാവാത്ത വിഭവങ്ങളെ ജനപ്പെരുപ്പം ഇല്ലാതാക്കും. അമിത മത്സ്യബന്ധനം, വനനശീകരണം, ഭൂഗർ ഭജലത്തിന്റെ അനിയന്ത്രിത ഉപയോഗം എന്നിവ വരും തലമുറക്ക് ഭൂമിയെ വാസയോഗ്യമല്ലാതാക്കും.



As the human population increases in size, the space allotted to natural ecosystems is reduced in size. Natural ecosystems are then no longer able to process and rid the biosphere of wastes, which accumulate and are called pollutants.

പ്രകൃതിയെ സംരക്ഷിക്കുക, അമിതമായ തോതിൽ മാലിന്യങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുക,പരിസ്ഥിതിയെ തകർക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറുക,ഉപയോഗസംസ്കാരത്തിൽ മാറ്റം വരുത്തുക,എന്നിവയിലൂടെ മാത്രമെ നാളത്തെ തലമുറക്ക് കൂടി അവകാശപ്പെട്ട ഭൂമിയെ അവർക്ക് വേണ്ട് കരുതാൻ കഴിയു.ജനസംഖ്യ നിയന്ത്രണമാണ് ഇതിലേക്കുള്ള ഏകവഴിയും.ജനസംഖ്യ നിയന്ത്രണം പരിസ്ഥിതി സംരക്ഷണത്തിലേക്കും ഭൂമിയുടെ നിലനിൽ പിനെയുംഗുണപരമായി സ്വാധീനിക്കും.

**Nandakishor k**

# ദശമൂലങ്ങൾ

***പ്രകൃതിയിലെ അമൂല്യങ്ങളായ പല സസ്യങ്ങളും ഇന്ന് വിനാശത്തിന്റെവക്കിലാണ്.അതൊഴിവാക്കാൻ ഒറ്റ വഴിയേ ഉള്ളൂ.എത്ര എടുക്കുന്നു അതിന്റെ ഇരട്ടി തൈ വെച്ചു പിടിപ്പിക്കുക.വ്യത്യസ്തങ്ങളായ സസ്യങ്ങൾ കൂടിച്ചേരുമ്പോൾ അപൂർവ്വങ്ങളായ ഔഷധങ്ങളുണ്ടാകുന്നു. ഇവയെല്ലാം തന്നെ പ്രകൃതി തന്ന ദയാവായ്പാണ്. ഈ മൃതസഞ്ജീവനികൾ നമുക്ക് ഉപയോഗിക്കാം ....വരും കാലത്തേക്ക് കരുതി വെക്കാം.........***

| | |
|---|---|
| കൂവളം | Aeglemarmelos |
| മുഞ്ഞ | Premna integrifoia |
| പലകപ്പയ്യാനി | Oroxylem indicum |
| ചെറുവഴുതിന | Solanum species |
| കണ്ടകാരിച്ചുണ്ട | Solanum xanthocarpum |
| പാതിരി | Stenospermum species |
| മൂവില | Pseudanthera species |
| ഞെരിഞ്ഞിൽ | Tribulus terestris |
| ഓരില | Desmodium gangeticum |
| | |


***Akshath Manoharan***

**DIGISKY**

## മികവുകൾ




## ബഷീർ അനുസ്മരണം




**DIGISKY**




**ബഹിരാകാശ വാരാചരണം**




AKASGVHSS PAYYANUR
JUNE 26
INTERNATIONAL DAY
Against Drug abuse & Trafficking
32(K) BN NCC PAYYANUR
Class Presented by Madhu Master
ജീവിതം പുകച്ചു

**പുകയിലവിരുദ്ധദിനം**



**DIGISKY**





**പരിസ്ഥിതി ദിനം**








**ഹിരോഷിമാ ദിനം**


അനസ്


ഭൂമിയുടെ വിലാപം
അഭികൃഷ്ണൻ

**DIGISKY**



***Aravind v p***

DIGISKY

<u>സയൻസ് ക്വിസ്.</u>

**1.ഗ്രീഡ് രോഗം എന്നറിയപ്പെടുന്ന രോഗം?**

**എയിഡ്സ്, സിഫിലിസ്, ക്ഷയം, സ്കർവി**

**2.നിലവിലുണ്ടായിരുന്ന 63 മൂലകങ്ങളെ ആറ്റോമിക മാസിന്റെ അടിസ്ഥാനത്തിൽ വർഗീകരിച്ച് 1869 ഇൽആവരത്തനപട്ടിക പുറത്തിറക്കിയത്?**

**ഡിമിട്രി മെൻഡലിയെവ്,ചാൾസ് ബാബേജ്, റൂഥാർ ഫോർഡ്, ചാൾസ് മെൻഡലിയെവ്**

**3.മനുഷ്യ ശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി?**

**മാലിയസ് (Malius), ഇൻകാസ് (Incus), സ്റ്റേപ്പിയസ് ( Stapes),ഇവയൊന്നുമല്ല**

**4.ചന്ദ്രോപരിതലത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ലോഹം**

**ടൈറ്റാനിയം, ഇരുമ്പ്അ, ലൂമിനിയം, വനേഡിയം**

**5.സോണാറിൽ ഉപയോഗിക്കുന്ന ശബ്ദതരംഗം?**

**അൾട്രാവയലറ്റ്,അൾട്രാസോണിക്, ഇൻഫ്രാറെഡ്, അൾട്രാറെഡ്**

**6.ജന്തുശാസ്ത്രത്തിൻറെ പിതാവ്**

- **അരിസ്റ്റോട്ടിൽ, ന്യൂട്ടണ് ,റുഥർഫോർഡ്, ജോൺ ഡാൾട്ടൻ**

**7.അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകം?**

**ഓക്സിജൻ, കാർബൺഡൈഓക്സൈഡ, ഹൈഡ്രജൻ, Nitrogen**

**8.വൈറ്റമിൻ B9 ൽ അടങ്ങിയിരിക്കുന്ന ആസിഡ്**

**ഫോളിക് ആസിഡ്,സിട്രിക്കാസിഡ്, ട്രൈഅയഡോ മീഥേൻ, ഹൈഡ്രോക്ലോറിക് ആസിഡ്**

**9.ഓറഞ്ച്; നാരങ്ങ എന്നിവയിൽ അടങ്ങിയിരിക്കുന്ന ആസിഡ് എന്താണ്?**

**സിട്രിക്കാസിഡ്,ഫോളിക് ആസിഡ്,ട്രൈ അയഡോ മീഥേൻ, സാലിസിലിക് ആസിഡ്**